കേരളീയം

# ഈ സമരം കാണാതിരുന്നുകൂടാ

നിലനില്പിനു വേണ്ടിയുള്ള ഒരു സമരം 60 നാൾ പിന്നിടുകയാണ് ഇതെഴുതുമ്പോൾ. പാലക്കാട് ജില്ലയിലെ അതിർത്തിഗ്രാമമായ പ്ലാച്ചിമടയിലെ കൊക്കൊകോള കമ്പനിക്കെതിരെ ആദിവാസികളും ഹരിജനങ്ങളും അടങ്ങുന്ന തദ്ദേശവാസികൾ സമരം തുടങ്ങിവെച്ചത് ആഗോളവൽക്കരണത്തിനെതിരായ ചെറുത്തുനില്പായോ ബഹുരാഷ്ട്ര ഭീമന്മാരെ കെട്ടുകെട്ടിക്കുന്നതിന്റെ ഭാഗമായോ ആയിരുന്നില്ല. തങ്ങളുടെ കുടിവെള്ളം മുട്ടിക്കുന്ന, പരിസരം മലിനമാക്കുന്ന ഒരു ഫാക്ടറിക്കെതിരായി ഗത്യന്തരമില്ലാതെ ശബ്ദമുയർത്തുകയായിരുന്നു അവർ.

സമരം തുടങ്ങിയതോടെ പ്രലോഭനങ്ങളായി, ഫലിക്കാതെ വന്നപ്പോൾ ഭീഷണികളും കള്ളക്കേസുകളുമായി. തങ്ങളെതിർക്കുന്നതാരെയാണെന്ന് ജനങ്ങൾ ശരിക്കും മനസ്സിലാക്കിയത് അതോടെയാണ്. എങ്കിലും തുടങ്ങിവെച്ച സമരത്തിൽ അവർ ഉറച്ചുതന്നെ നിന്നു. സി.പി.ഐ ഒഴിച്ചുള്ള രാഷ്ട്രീയകക്ഷികളും അധികൃതരും കമ്പനിയോടൊപ്പവും. പക്ഷെ കണക്കുകൂട്ടലുകൾ തെറ്റിച്ചത് ആഗോളവൽക്കരണത്തിനെതിരെയും ബഹുരാഷ്ട്രകുത്തകകൾക്കെതിരെയും ഘോരഘോരം പ്രസംഗിക്കുന്ന ഇവിടത്തെ രാഷ്ട്രീയേതര സംഘടനകളാണ്. സമരം ഇന്നും അവർ അറിഞ്ഞമട്ടില്ല. നർമ്മദയുടെ തീരങ്ങളിലും വൻനഗരങ്ങളിലും നടത്തുന്ന സമരങ്ങൾക്കുവേണ്ടി ജയ് വിളിക്കാൻ മുൻപിൽ തിക്കിത്തിരക്കി നിൽക്കുന്നവർ പ്ലാച്ചിമടയെ കണ്ടില്ലെന്നു നടിക്കുകയാണ്.

ഫ്ലാഷ് ലൈറ്റുകളുടേയും വീഡിയോക്യാമറകളുടേയും വെളിച്ചം ചിതറാത്തതായിരിക്കാം കാരണം, ചിലപ്പോൾ.

ഇന്ന് പ്ലാച്ചിമടക്കാർക്ക് കൊക്കൊകോളയെ അറിയാം. അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചറിയാം. ബഹുരാഷ്ട്രകമ്പനികൾ അവരെ പോലുള്ളവരുടെ കുടിവെള്ളം മുട്ടിച്ച് വഴിയാധാരമാക്കുന്നതെങ്ങിനെയാണെന്നും അറിയാം. പ്രതികൂലസാഹചര്യങ്ങൾക്കിടയിലും സമരം തുടരാൻ അവർക്ക് കരുത്തുപകരുന്നതും ഈ അറിവുകൾതന്നെ.

പക്ഷെ സമരം വിജയിക്കാൻ ഈ അറിവുകൾമാത്രം മതിയാകില്ല. പ്രതിയോഗികൾ ശക്തരായതുകൊണ്ടുതന്നെ സമരത്തിനും ശക്തിപകരേണ്ടതുണ്ട്. ഇവിടെയാണ് പൊതുസമൂഹം രംഗത്തിറങ്ങേണ്ടത്. പ്ലാച്ചിമടയിലെ ജനങ്ങളുടെ കുടിവെള്ളം മുട്ടിച്ചുണ്ടാക്കുന്ന ഉൽപ്പന്നം കൊണ്ട് ആരോഗ്യം നശിപ്പിക്കപ്പെടുന്നത് നമ്മളുടെ തന്നെയാണ്. കേരളത്തിൽ ഒരു ബഹുരാഷ്ട്രകുത്തകയുടെ ആദ്യത്തെ പ്രത്യക്ഷമായ പ്രകടനമായിരിക്കാം കൊക്കൊകോള കമ്പനിയുടേത്. അത് നാം കാണാതിരുന്നാൽ, കണ്ടിട്ട് പ്രതികരിക്കാതിരുന്നാൽ ഇനിയും പ്ലാച്ചിമടകൾ ആവർത്തിക്കും.